# GLPS KALANAD NEW

(P.O) KALANAD ,KASARAGOD



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

GLPS KALANAD NEW
P.O. KALANAD
671317
Date
School Code : [illegible]

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :ജി എൽ പി സ്കൂൾ കളനാട് ന്യൂ |
| വിലാസം | :കളനാട്,പി.ഒ കളനാട്<br>കാസർഗോഡ് ജില്ല .പിൻ-671317 |
| സ്കൂൾ കോഡ് | :11409 |
| UDISE കോഡ് | :32010300504 |
| വിദ്യാഭ്യാസ ഉപജില്ല | :കാസർഗോഡ് |
| ബി.ആർ.സി | :കാസർഗോഡ് |
| സി.ആർ.സി | :ചെമ്പിരിക്ക |
| ഗ്രാമ പഞ്ചായത്ത് | :ചെമ്മനാട് |
| വാർഡ് | :15 |
| ബ്ലോക്ക് പഞ്ചായത്ത് | :കാസർഗോഡ് |
| ജില്ലാ പഞ്ചായത്ത് | :കാസർഗോഡ് |
| നിയമസഭാമണ്ഡലം | :ഉദുമ |
| താലൂക്ക് | :കാസർഗോഡ് |
| വില്ലേജ് | :കളനാട് |
| ഇ മെയിൽ | :11409kalanadnew@gmail.com |

## ആമുഖം

1925 ൽ ആരംഭിച്ച ജി എൽ പി സ്കൂൾ കളനാട് ന്യൂ എന്ന ഈ പൊതുവിദ്യാലയം 2003 വരെ സംസ്ഥാനപാതയോരത്തെ ഓടിട്ട കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്.

26.04.2003 മുതൽ വിദ്യാലയം പാതയോരത്തു നിന്ന് മാറി കൊമ്പൻപാറ ഭാഗത്ത് യു എ ഇ കളനാട് മുസ്ലിം ജമാ-അത്ത് കമ്മിറ്റി സംഭാവന ചെയ്ത സ്ഥലത്ത് എസ് എസ് എ യും ജില്ലാ പഞ്ചായത്തും സംയുക്തമായി നിർമിച്ച ഇരുനിലകെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി ഇരുന്നൂറ്റി അമ്പതോളം കുട്ടികൾ അക്കാലത്ത് പഠിച്ചിരുന്നു.എന്നാൽ തുടർന്നുള്ള കാലങ്ങളിൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കടന്ന് വരവോടെ ഈ വിദ്യാലയത്തിലും വിദ്യാർഥികളുടെ പ്രവേശനത്തിൽ ഗണ്യമായ കുറവുണ്ടായി.

2025-26 അധ്യയനവർഷം ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായ് 57 വിദ്യാർഥികൾ പഠിക്കുന്നു.കൂടാതെ പി ടി എ നേതൃത്വത്തിൽ 2022-23 മുതൽ ആരംഭിച്ച പ്രി പ്രൈമറി ക്ലാസിൽ 16 വിദ്യാർഥികളും ഉണ്ട്.

സ്കൂൾ നൂറാം വാർഷികാഘോഷം വിപുലമായ രീതിയിൽ 2025 ഏപ്രിൽ മാസം സംഘടിപ്പിക്കപ്പെട്ടെങ്കിലും സ്കൂളിന്റെ മെച്ചപ്പെട്ട ഭൗതിക ആവശ്യങ്ങളുൾപ്പെടെ ഇനിയും നേടിയെടുക്കാൻ പൂർവവിദ്യാർഥികളുടേയും നാട്ടുകാരുടേയും രക്ഷിതാക്കളുടേയും മറ്റ് വിദ്യാഭ്യാസ ഏജൻസികളുടേയും പിന്തുണ ആവശ്യമാണ്.

# കുട്ടികളും ജീവനക്കാരും

| ക്ലാസ് | ഡിവിഷൻ | ആൺ | പെൺ | ആകെ | അറബിക് |
|---|---|---|---|---|---|
| 1 | 1 | 4 | 6 | 10 | 8 |
| 2 | 1 | 5 | 9 | 14 | 8 |
| 3 | 1 | 12 | 7 | 19 | 13 |
| 4 | 1 | 7 | 7 | 14 | 12 |
| ആകെ | 4 | 28 | 29 | 57 | 41 |

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഹെഡ്മാസ്റ്റർ | 1 |
| 2 | എൽ പി എസ് ടി | 3 |
| 3 | ജൂനിയർ ലാംഗ്വേജ് അറബിക് | 1 |
| 4 | പി ടി സി എം | 1 |

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാംവർഷത്തെ വിനിയോഗാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാഠരംഗ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അതിനുവേണ്ടിയാണ്.

ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

②

## വാർഷികലക്ഷ്യങ്ങൾ

1) ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവു നേടുക.

2) ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവു നേടുക.

3) ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവു നേടുക.

4) ഓരോ കുട്ടിയുടേയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

5) ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു.

## ജൂൺ മാസത്തെ പ്രധാനലക്ഷ്യങ്ങൾ

1) പൂർണ പങ്കാളിത്തമുള്ള CPTA ഉറപ്പാക്കുക.

2) എല്ലാ കുട്ടികൾക്കും സ്വതന്ത്ര ഭാഷണത്തിന് അവസരം സൃഷ്ടിക്കുക.

3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചു- കേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.

4) വായിച്ചുകേട്ട ഒന്നാം ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുക.

5) ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനാകാർഡുകളുടെ വായന.

6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും സംഘമായും താളമിട്ട് സദസ്സിനുമുമ്പാകെ അവതരിപ്പിക്കുന്ന പാഠരംഗം നടത്തുക.

7. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

## ജൂൺ മാസപ്രവർത്തനങ്ങൾ

1) പൂർണ്ണപങ്കാളിത്ത CPTA.

2) വായനോത്സവം.

3) കഥോത്സവം

4) ഒന്നൊരുക്കം (സന്നദ്ധതാപ്രവർത്തനങ്ങൾ)

5. വായനാകാർഡുകൾ

6. ചിത്രനോട്ട്ബുക്ക്.

7. അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം.

## ജൂലൈ

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാനവസരം നല്കുന്നു.

## ആഗസ്റ്റ്

* പാട്ടരങ്ങ്.
* സംയുക്തഡയറി എഴുത്ത് തുടരുന്നു.
* അക്ഷരപ്പാട്ടുകൾ_ചിത്രവായനക്കാർഡുകൾ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.

## സെപ്തംബർ

* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത - ഡയറി മെച്ചപ്പെടുത്തുന്നു.
* വ്യക്തിഗത രചനകൾക്ക് അവസരം നൽകുന്നു.
* കുട്ടികളെ സ്വതന്ത്ര വായനക്കാരായി മാറ്റുന്നു.

## ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.

## നവംബർ

* സംയുക്തഡയറിയെഴുത്ത് കൂടുതൽ മെച്ചപ്പെടുത്തൽ.
* വായനോത്സവം തുടരുന്നു.
* രചനോത്സവം തുടരുന്നു.
* താളാത്മകമായി കവിതചൊല്ലൽ

## ഡിസംബർ

* രചനശേഷി പരിപോഷിപ്പിക്കൽ
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു-പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

## ജനുവരി

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം
* കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.